# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടവണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-7/2031/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-7/2031/2023 തീയ്യതി: 03/11/2023

## മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-01-2023 മുതൽ 20-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2023 | 02-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2023 | 02-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ ടി.കെ -ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ് .പി.ടി-അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അമീൻ ഫൈസൽ. ടി.ടി -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഹസ്ന.വി.സി -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഭിലാഷ് .ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.എം.എ.ജയ് | സെക്രട്ടറി | 01-04-2022 | 15-06-2022 |
| ശ്രീ സുധീർകുമാർ ആളൂർ | സെക്രട്ടറി | 11-10-2022 | 31-03-2023 |
| ശ്രീമതി ജയതി നാരായണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-06-2022 | 26-06-2022 |
| ശ്രീമതി.ജ്യോതി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-06-2022 | 10-10-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജ്യോതി.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-04-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-05-2022 | 03-05-2022 |
| ശ്രീമതി ജയതി നാരായണൻ | അസിസ്റ്റന്റ് സെക്രട്ടറി | 04-05-2022 | 26-06-2022 |
| ശ്രീമതി.ജ്യോതി.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 27-06-2022 | 31-03-2023 |
| ശ്രീ.സുധാകരൻ .പി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ ഷംസാദ് മുണ്ടോൾ | മെഡിക്കൽ ഓഫീസർ (പി എച് സി) | 18-11-2022 | 31-03-2023 |
| ഡോ.മുഷീറ മിനി .എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ബീന.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ.രഘു.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 05-12-2022 |
| ശ്രീ ശ്രീകാന്ത് കെ പി | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ് | 06-12-2022 | 02-03-2023 |
| ശ്രീ ജംഷീദ് കെ | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ് | 03-03-2023 | 31-03-2023 |
| ഡോ. രജീഷ്.എം. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷഹാന ഷറിൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 19-01-2023 |
| ശ്രീമതി. നൗഷ. കെ.എം. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.ഇബ്രാഹിം കുട്ടി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ ജാഫർ കെ | വി ഇ ഒ | 01-04-2022 | 18-07-2022 |
| ശ്രീ ബിനീഷ് വർഗ്ഗീസ് | വി ഇ ഒ | 19-07-2022 | 31-03-2023 |
| ശ്രീമതി.റുബീന.പി | കൃഷി ഓഫീസർ | 01-04-2022 | 15-04-2022 |
| ശ്രീമതി.ഷഹാന.സി | കൃഷി ഓഫീസർ | 16-04-2022 | 14-06-2022 |
| ശ്രീ വിഷ്ണു ആർ | കൃഷി ഓഫീസർ | 15-06-2022 | 24-06-2022 |
| ശ്രീ നജ്മുദ്ദീൻ ടി | കൃഷി ഓഫീസർ | 25-06-2022 | 10-07-2022 |
| ശ്രീ വിഷ്ണു ആർ | കൃഷി ഓഫീസർ | 11-07-2022 | 07-08-2022 |
| ശ്രീമതി.റുബീന.പി | കൃഷി ഓഫീസർ | 08-08-2022 | 09-08-2022 |
| ശ്രീ വിഷ്ണു ആർ | കൃഷി ഓഫീസർ | 10-08-2022 | 23-09-2022 |
| ശ്രീമതി.റുബീന.പി | കൃഷി ഓഫീസർ | 24-09-2022 | 31-03-2023 |
| ഡോ.ജനീഫ് .പി .പി | മെഡിക്കൽ ഓഫീസർ (പി എച് സി) | 01-04-2022 | 17-11-2022 |
| ശ്രീമതി ജാസ്മിൻ സി ടി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-3 |
| 5 | തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക നില | 1-3 |
| 8 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-6-1 |
| 12 | ക്ഷേമപ്പെൻഷൻ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-11 |
| 17 | തനത് വരുമാനം- അവലോകനം | 1-12 |
| 18 | മുണ്ടേങ്ങര LP സ്കൂളിലേക്ക് ഹൈടെക് ഉപകരണങ്ങൾ വാങ്ങൽ- ലാപ്പ്ടോപ്പുകൾ ലഭിച്ചിട്ടില്ല. | 1-13 |
| 19 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-14 |
| 20 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. | 1-15 |
| 21 | സിനിമാ തീയേറ്റർ -വിനോദ നികുതി ഈടാക്കുന്നില്ല. | 1-16 |
| 22 | പഞ്ചായത്ത് ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു | 1-17 |
| 23 | Jio Digital Fiber Private Limited _റോഡ് റീസ്റ്റോറേഷൻ ചാർജ് കുറവായി ഇടാക്കി- പഞ്ചായത്ത് ഫണ്ടിന് 30.20 ലക്ഷം രൂപയുടെ നഷ്ടം. | 1-18 |
| 24 | ലക്ഷം വീട് കോളനി ഇരട്ട വീട് ഒറ്റവീടാക്കൽ -അപാകതകൾ | 1-19 |
| 25 | വീട് പുനരുദ്ധാരണം-പട്ടിക വർഗം-ഫയൽ ലഭ്യമാക്കിയില്ല | 1-20 |

| | | |
|---|---|---|
| 26 | ലൈഫ് ഭവന പദ്ധതി -അധികം നൽകിയ തുക തിരിച്ചീടാക്കേണ്ടതാണ്. | 1-21 |
| 27 | ലൈഫ് ഭവനപദ്ധതി-അപാകതകൾ | 1-22 |
| 28 | പ്രൊജെക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. | 1-23 |
| 29 | ടോയ് ലറ്റ് നിർമ്മാണം-രേഖകൾ ഹാജരാക്കിയില്ല | 1-24 |
| 30 | മെറിറ്റോറിയസ് സ്കോളർഷിപ്പ്-അധിക തുക (10000 രൂപ)തിരിച്ചടവാക്കി | 1-25 |
| 31 | എസ് സി വയോജനങ്ങൾക്ക കട്ടിൽ-രേഖകൾ ലഭ്യമാക്കിയില്ല | 1-26 |
| 32 | ഗോത്ര സാരഥി (എസ്.റ്റി വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം) പദ്ധതി - അപാകതകൾ | 1-27 |
| 33 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-28 |
| 34 | മരുന്ന് വാങ്ങൽ പദ്ധതികൾ- മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-29 |
| 35 | Precast Concrete Paver Block-കൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-30 |
| 36 | പത്തപ്പിരിയം- പൂവ്വക്കാട് റോഡിൽ ഡ്രൈനേജ് നിർമ്മാണം-മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി. | 1-31 |
| 37 | പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം- ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി | 1-32 |
| 38 | വേരുപാലം കുറിത്ത് റോഡ് മെയിന്റനൻസ് - 34135/- രൂപയുടെ അധികം -തിരിച്ചടവാക്കി | 1-33 |
| 39 | സ്കൂളുകൾ ,അംഗനവാടികളിൽ വാട്ടർ ബൂത്ത് സ്ഥാപിക്കൽ -അപാകതകൾ | 1-34 |
| 40 | ഗ്രാമവണ്ടി (ബസ്സ് സർവ്വീസ് ) -അപാകതകൾ | 1-35 |
| 41 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവ് തുക നൽകൽ അപാകതകൾ | 1-36 |
| 42 | കെട്ടിടം ഇലക്ട്രിഫിക്കേഷൻ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-37 |
| 43 | കെട്ടിടം ഇലക്ട്രിഫിക്കേഷൻ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-37-1 |
| 44 | ARTCO മുഖേന LED ലൈറ്റ് സപ്ളൈ ചെയ്യൽ -അപാകതകൾ | 1-38 |
| 45 | തെരുവ് വിളക്ക് റിപ്പയർ സാധനങ്ങളള്‍ വാങ്ങൽ -അപാകതകൾ | 1-39 |
| 46 | തെരുവ് വിളക്ക് റിപ്പയർ അപാകതകൾ | 1-39-1 |
| 47 | ഹരിതകർമ്മ സേനയ്ക്ക് V.G.F -നിർവ്വഹണത്തിലെ അപാകതകൾ | 1-40 |
| 48 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിങ് ഫണ്ട് -അപാകതകൾ | 1-41 |
| 49 | തെരുവ് വിളക്ക് പരിപാലനം -കാര്യക്ഷമമാക്കണം | 1-42 |
| 50 | കുടിവെള്ള പദ്ധതി നടത്തിപ്പ് -അപാകതകൾ | 1-43 |
| ഭാഗം **2** | | |
| --- No Records Found --- | | |

| ഭാഗം **3** | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് എടവണ്ണ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.7.2023 ലെ 2(1) തീരുമാന പ്രകാരം തയ്യാറാക്കി 27.7.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി:03-11-2023

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (46968243/-)പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (24013588/-) പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ

പരിപാലിച്ചിട്ടില്ലാത്തതിനാൽ ബി11 ഷെഡ്യൂൾ പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-4 തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു

സെക്രട്ടറി ലഭ്യമാക്കിയ രേഖകൾ പ്രകാരം 2022-23 വർഷം ഓഡിറ്റ് റിക്കവറിയായി ആകെ 53678/- രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ RP 10 Recovery From Employees എന്ന ഹെഡിൽ 15585/- രൂപയാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് തുക Prior Period Income , Recovery From Others എന്ന ഹെഡുകളിലായിട്ടാണ് ബുക്ക് ചെയ്തിട്ടുള്ളത്.( ഓഡിറ്റ് റിക്കവറി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല)

### 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 23.03.2022 | 1(1)- 15.03.2023 |

### 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 50839326 |
| വരവ് | 290554139 |
| ആകെ | 341393465 |
| ചെലവ് | 266540551 |
| നീക്കിയിരിപ്പ് | 74852914 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 40294637 | 40294637 | 34089784 | 6204853 |
| പ്ലാൻ (SCP) | 0 | 10584355 | 10584355 | 10584355 | 0 |
| പ്ലാൻ (TSP) | 0 | 791836 | 791836 | 791836 | 0 |
| CFC (Tied ) | 0 | 9960665 | 9960665 | 5015819 | 4944846 |
| CFC (Untied) | 0 | 5184000 | 5184000 | 2811720 | 2372280 |
| റോഡ് (MG) | 0 | 24220000 | 24220000 | 8750341 | 15469659 |
| റോഡിതരം(MG) | 0 | 7840000 | 7840000 | 6007615 | 1832385 |

1-4-1 സർക്കാർ ഗ്രാന്റ് - ACR വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

2022-23 ലെ സർക്കാർ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള വരവ് വാർഷിക കണക്കിലെ വരവുകളുമായി പൊരുത്തപ്പെടുന്നില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു

| ഫണ്ട് ഇനം | ACR പ്രകാരം വരവ് | AFS പ്രകാരം വരവ് | വ്യത്യാസം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 40294637 | 36074223 | 4220414 |
| പ്ലാൻ (SCP) | 10584355 | 13109455 | 2525100 |
| പ്ലാൻ (TSP) | 791836 | 946000 | 154164 |
| CFC (Untied ) | 5184000 | 1489984 | 3694016 |
| CFC (Tied) | 9960665 | 1816527 | 8144138 |
| റോഡ് (MG) | 24220000 | 2196187 | 22023813 |
| റോഡിതരം(MG) | 7840000 | 4721222 | 3118778 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 283 | 270855506 | 167 | 145227875 | 0 | 116 | 58.00% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 967 | 1129867 | 1130834 | 678208 | 452626 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32090827 | 32090827 | 32090827 | 0 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി - അവലോകനം

| ക്രമനം. | വിശദാംശം | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 199 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 199 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 286 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 33219827 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 310 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 142 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 40 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 33221658 |
| 9 | തൻവർഷത്തെ ചെലവ് | 32769035 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1196 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1196 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 336 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 40 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഇല്ല |

മെറ്റീരിയൽ പ്രവർത്തികളുടെ വിശദ വിവരം

2022-23വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 40 പ്രവർത്തികൾ തൊഴിലുറപ്പുപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

| പ്രവർത്തി | എണ്ണം | എണ്ണം |
|---|---|---|
| റോഡ് | 11 | 1745294 |
| കോഴിക്കൂട് | 2 | 42310 |
| തൊഴുത്ത് | 3 | 240600 |
| കയർ ഭൂവസ്ത്രം | 2 | 108353 |
| കോഴിക്കൂട് | 2 | 42310 |
| മറ്റുള്ളവ | 22 | 890670 |
| ആകെ | 40 | 3027227 |

തൊഴിലുറപ്പിൽ 100 ദിനങ്ങൾ ലഭ്യമാക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-7 ക്ഷേമപ്പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3103600 | 266 |
| വിധവാ പെൻഷൻ | 15718800 | 1434 |
| വാർദ്ധക്യകാല പെൻഷൻ | 33438400 | 3244 |
| വികലാംഗ പെൻഷൻ | 7165400 | 657 |
| വിവാഹ ധനസഹായം | 390000 | 13 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 595200 | 58 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2023ന് 02.10 Pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 22097/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 18.7.22 ന് ശേഷം വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കാഷ്ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.കാഷ്ബുക്കിൽ പ്രൊജക്ടുകളുടെ പേര് ഒഴികെ യാതൊരു വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. കാഷ്ബുക്ക് ക്ലോസ് ചെയ്തിട്ടില്ല.
2 ലൈഫ് ഭവന പദ്ധതി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3 ലൈഫ് ഭവന പദ്ധതി അന്വേഷണത്തിന് വിധേയമാക്കുകയും ഗ്രാമ പഞ്ചായത്ത് മോണിറ്ററിംഗിന് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.
4 വി ഇ ഒ പ്രൊജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2022 | 01.11.2022 മുതൽ 30.11.2022 വരെ | 20.12.2022 |
| എ.ജി ഓഡിറ്റ് | 14.06.2017 മുതൽ 23.06.2017വരെ | 2012-13 മുതൽ 2016-17 വരെ | 3.8.2017 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ

ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. (എൻക്വയറി നം:2/22-23/21.8.23)

| ക്രമ നം. | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | 159/2017 -ചെമ്പൻക്കുത്ത് കോളനി ലൈൻഎക്സ്റ്റൻഷൻ | 2016-17 | KSEB | 89100 | 0 | 89100 |
| 2 | 230/21 -സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2020-21 | KSEB | 151000 | 0 | 151000 |
| 3 | 304/22-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2021-22 | KSEB | 170237 | 0 | 170237 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-12 തനത് വരുമാനം- അവലോകനം

തനത് വരുമാനം- അവലോകനം

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 14 മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം ചർച്ചചെയ്യുന്നതിനും വസ്തു നികുതി 100% പിരിക്കുന്നതിനു വേണ്ടി നികുതി പിരിവ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായും 18.04.22, 09.12.22, 11.01.23, 14.02.23 തിയതികളിൽ ചർച്ചചെയ്തിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും 178516/- പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എടവണ്ണ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി

ബന്ധപ്പെട്ട് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ച് കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച് കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 24.06.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1(1) നമ്പർ തീരുമാന പ്രകാരം 29.06.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). 24.06.23 ലെ 2(1) തീരുമാന പ്രകാരം മേഖലകൾ പുതുക്കി നിശ്ചയിക്കൽ, 3(1) തീരുമാന പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ നിശ്ചയിക്കുകയും അംഗീകരിച്ച പട്ടിക പൊതുജനങ്ങളുടെ അറിവിലേക്കായി ഓഫീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ / റോഡുകൾ എന്നിവയുടെ വിശദാംശങ്ങളും പുതുക്കിയിന്റെ വിശദാംശങ്ങളും ലഭ്യമല്ലാത്തതിനാൽ ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തിരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥനത്തിലുള്ള തരംതിരുവിലും_പരിഗണിച്ചോ എന്നുള്ളത് വ്യകതമല്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല. (സ.ഉ.(പി)88/2013/ത.സ്വ.ഭ.വ. തിയതി 13.03.13 നമ്പർ ഉത്തരവ് പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ്/വർദ്ധനവ് സംബന്ധിച്ച വ്യക്തത വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം 5 മീ. കൂടുതൽ വീതിയുള്ള റോഡ്, 5 മീ. കുറവ് 1½ മീ. കൂടുതൽ വീതിയുള്ള റോഡ്, 1½ മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് എന്നിവ വ്യക്തമാക്കി വിജ്ഞാപനം ചെയ്യേണ്ടതാണ്).

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 454 അപേക്ഷകളിൽ യാതൊരു നടപടികളും നിലവിൽ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിയമിക്കുന്നതിനായി 24.06.23 ലെ 5(1) നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ടെങ്കിലും അപേക്ഷകൾ ഒന്നും തന്നെ ലഭ്യമാകാത്തതിനാൽ നികുതി പുനർനിർണ്ണയം ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവന ഉപ നികുതി ചുമത്താവുന്നതാണ്.

എന്നാൽ 24.06.23 ലെ 4(1) നമ്പർ തീരുമാന പ്രകാരം വസ്തു നികുതി വർദ്ധനവിനോടൊപ്പം കൂടുതൽ ഭാരം ജനങ്ങളിൽ വരുത്തേണ്ടതില്ല എന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സേവന ഉപനികുതിയും സർചാർജ്ജും തൽക്കാലം ചുമത്തേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം

വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

മറ്റിനങ്ങൾ

ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രമാപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ 2022-23 വർഷം രജിസ്ട്രേഷൻ എടുക്കാതെ/ പുതുക്കാതെ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു തീയേറ്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിൽ നിന്നും നിലവിൽ വിനോദ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച് 33/01.09.23 നമ്പർ എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ അമ്യൂസ്മെന്റ് പാർക്ക്/ടർഫ് കോർട്ടുകൾ/ഇൻഡോർ സ്റ്റേഡിയങ്ങൾ പോലെയുള്ളതിൽ നിന്നും വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതി ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാനം നേടാവുന്നതാണ്.

## 1-13 മുണ്ടേങ്ങര LP സ്കൂളിലേക്ക് ഹൈടെക് ഉപകരണങ്ങൾ വാങ്ങൾ- ലാപ്പ്ടോപ്പുകൾ ലഭിച്ചിട്ടില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ മുണ്ടേങ്ങര LP സ്കൂളിലേക്ക് ഹൈടെക് ഉപകരണങ്ങൾ വാങ്ങൾ (351/23) എന്ന പദ്ധതി പ്രകാരം സ്കൂളിലേക്ക് ലാപ്ടോപ്പുകൾ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐടി മിഷനിൽ മുൻകൂറായി പണമടവാക്കിയെങ്കിലും, ലാപ്പ് ടോപ്പുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ചെലവ് | 76032 [Dev Gen] |
| വൗച്ചർ | 06/2022-23 /28.03.2023 |
| ഇൻവോയിസ് നമ്പർ | TVM/ITGB/P1/RC/47971/22-23/25.03.2023 |

മേൽ ഇൻവോയിസ് പ്രകാരം രണ്ട് ലാപ്പ് ടോപ്പുകൾ വാങ്ങുന്നതിന് 76032/- രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ ലാപ്പ് ടോപ്പുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ലാപ്പ് ടോപ്പുകൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ലാപ്പ് ടോപ്പുകൾ ലഭിക്കുന്നത് വരെ ചെലവ് തുക തടസം ചെയ്യുന്നു.

[ഓഡിറ്റ് എൻക്വയറി നമ്പർ 32/01.09.2023- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-14 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിന വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എടവണ്ണ ശാഖയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-67334279112) 2022-23വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പരിശോധിച്ചതിൽ 01.04.22 ന് 20,95,746/- രൂപ മുൻബാക്കിയും 31.3.2023 ന് 47,41,189/- രൂപ നീക്കിയിരിപ്പും ഉണ്ട് (പാസ് ബുക്ക് ബാലൻസ് യഥാക്രമം 20,40,226/- രൂപ , 46,73,322/- രൂപ). പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തി പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/22.08.23) സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ 2022-23വാർഷിക കണക്കിലെ ഷെഡ്യൂൾ B-7 പ്രകാരം ചുവടെ ചേർത്ത ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Contractor's Earnest Money Deposit | 240317 |
| 2 | Supplier's Earnest Money Deposit | 301406 |
| 3 | Bidder's Earnest Money Deposit | 274407 |
| 4 | Contractor's Security Deposit | 567896 |
| 5 | Supplier's Security Deposit | 34286 |
| 6 | Contractor's Retension | 267263 |
| 7 | Election Deposit | 68580 |
| 8 | Road Cutting Deposit | 1080 |
| 9 | Rent Deposit | 100220 |
| 10 | Other Deposit | 19175 |
| 11 | Auction Deposit | 77858 |
| 12 | Water Connection Deposit | 339550 |
| 13 | Otherdeposit | 62599 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2011-12 മുതലുള്ള ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ഫിനാൻസ് കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Periodന് ശേഷം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/24.08.23) കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനായി തീരുമാനിച്ചിട്ടുള്ളതാണെന്നും ഭരണ സമിതിയുടെ അംഗീകാരം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 സിനിമാ തീയ്യേറ്റർ -വിനോദ നികുതി ഈടാക്കുന്നില്ല.

സ.ഉ(കൈ)നം. 112/2019/ത.സ്വ.ഭ.വ. തീയതി 31.08.2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 % വിനോദനികുതിയും ഈടാക്കാമെന്നും ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3 ാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതുമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 ാം വാർഡിൽ സംഘം എന്ന തിയേറ്റർ പ്രവർത്തിക്കുന്നുണ്ട്. 2022-23 വാർഷിക

കണക്ക് പരിശോധിച്ചതിൽ പ്രസ്തുത തിയേറ്ററിൽ നിന്നും വിനോദ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലയെന്ന് വ്യക്തമായി. വിനോദനികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(33/01.09.23) അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.12.16 ലെ 792455/ഇ.ഡബ്ല്യു 3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രി പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള Prisewill Public School Edavanna (തൊഴിൽനികുതി രജിസ്റ്റർ പേജ് 54), Royal Public School Edavanna (തൊഴിൽനികുതി രജിസ്റ്റർ പേജ് 77)ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2022-23 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ ഈ സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 16/23.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 Jio Digital Fiber Private Limited _റോഡ് റീസ്റ്റോറേഷൻ ചാർജ് കുറവായി ഇടാക്കി- പഞ്ചായത്ത് ഫണ്ടിന് 30.20 ലക്ഷം രൂപയുടെ നഷ്ടം.

Jio Digital Fiber Private Limitedഎന്ന സ്ഥാപനം ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷകളിൽ റോഡ് റീസ്റ്റോറേഷന് ചാർജ് കണക്കാക്കിയതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് 3020105/- രൂപയുടെ നഷ്ടം ഉണ്ടായി. ചീഫ് എഞ്ചിനീയറുടെ 30.03.2019-ലെ CE/R&B/GL-RC/2/2019 നമ്പർ സർക്കുലർ പ്രകാരം റോഡ് റീസ്റ്റോറേഷൻ ചാർജ് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ റോഡ് റീസ്റ്റോറേഷനുള്ള വിസ്തീർണ്ണം കണക്കാക്കുമ്പോൾ റെസ്റ്റോറേഷൻ വിഡ്ത്ത്, ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയും BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയപ്പോൾ, BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്ന നിർദ്ദേശം പാലിക്കാത്തത് മൂലമാണ് നഷ്ടം ഉണ്ടായിട്ടുള്ളത്.

Jio Digital Fiber Private Limited-ന്റെ അപേക്ഷയിന്മേൽ റോഡ് കട്ട് ചെയ്യുന്നതിന് A2/27641/33020 Dated 25.03.2022, A2/27643/33020 Dated 25.03.2022, A2/32669/33020 Dated 25.03.2022 എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നല്കുകയും 31.03.2023-ന് (lkm മുഖേനയാണ് തുക ലഭിച്ചിട്ടുള്ളത്) റീസ്റ്റോറേഷൻ ചാർജ് അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റോഡ് റീസ്റ്റോറേഷൻ ചാർജ് ഈടാക്കുന്നതിന് വേണ്ടി എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ട്രഞ്ച് വിഡ്ത്ത് 1.50 ഇരട്ടിയും, BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്ററും ആയിരിക്കണം എന്നീ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ആയതുമൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടമുണ്ടയി.

| ക്ര.ന | വിവരണം | റീസ്റ്റോറേഷൻ ചാർജ് ഇനത്തിൽ ഈടാക്കിയ തുക (@ 3090.57/m$^2$ ) | റീസ്റ്റോറേഷൻ ചാർജ് ഇനത്തിൽ ഈടാക്കേണ്ട തുക (@ 3090.57/m$^2$ - ) | കുറവ് |
|---|---|---|---|---|
| 1 | ടിപ്പു സുൽത്താൻ റോഡ്- Application ID- 1027641/33020 (20 Mm Thick Open Graded Carpet) | 556303/- [600 M X 0.3 M X 3090.57/m$^2$] | 1854342/- [600 M X 1 M X 3090.57/m$^2$] [കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്ററായി കണക്കാക്കി] | 1298039/- |
| 2 | സ്കൂൾപ്പടി - പഞ്ചായത്ത്പ്പടി റോഡ്- | 370868/- | 1236228/- | 865360/- |

| | | | | |
|---|---|---|---|---|
| | Application ID-1027643/33020 (20 Mm Thick Open Graded Carpet) | [400 M X 0.3 M X 3090.57/m$^2$] | [400 M X 1 M X 3090.57/m$^2$] [കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്ററായി കണക്കാക്കി] | |
| 3 | ചെമ്പൻകുത്ത് - സ്കൂൾപ്പടി റോഡ് - Application ID-1032669/38349 (20 Mm Thick Open Graded Carpet) | 367160/- [396 M X 0.3 M X 3090.57/m$^2$] | 1223866/- [396 M X 1 M X 3090.57/m$^2$] [കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്ററായി കണക്കാക്കി] | 856706/- |
| Total | | | | 3020105/- |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലം ഉണ്ടായിട്ടുള്ള 3020105/- രൂപയുടെ കുറവ് അടവാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകുന്നതിനും അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/23.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരിച്ചടവാക്കുകയോ അപാകതക്ക് വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-19 ലക്ഷം വീട് കോളനി ഇരട്ട വീട് ഒറ്റവീടാക്കൽ -അപാകതകൾ

സംസ്ഥാനത്തെ ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് വാസയോഗ്യമാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള എം എൻ ലക്ഷം വീട് നവീകരണ പദ്ധതിയിൽ നിർമ്മിച്ച ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് ധനസഹായം നൽകുവാൻ സ.ഉ(സാധാ)നമ്പർ 36/ 21/തസ്വഭവ തി.6.1.21 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലൈഫ് ഭവനപദ്ധതി മാനദണ്ഡങ്ങൾ പ്രകാരമാണ് മേൽ പ്രൊജക്ടിന്റെ നിർവഹണത്തിൽ തുക അനുവദിക്കുന്നത്.ഗ്രാമ പഞ്ചായത്തിൽ മേൽ പ്രൊജക്ട് നിർവഹണം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജക്ട് നമ്പർ/പേര് | 56/22-23 ലക്ഷം വീട് കോളനി ഇരട്ടവീട് ഒറ്റവീടാക്കൽ സ്പിൽ ഓവർ |
| അടങ്കൽ | 4,40,000രൂപ വികസന ഫണ്ട് 32,00,000 രൂപ തനത് ഫണ്ട് |
| ചെലവ് | 4,40,000രൂപ വികസന ഫണ്ട് 14,00,000 രൂപ തനത് ഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ |

മേൽ പ്രൊജക്ട് പ്രകാരം 2022-23 വർഷത്തിൽ താഴെ പറയും വിധത്തിൽ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ/ തിയതി |
|---|---|---|---|
| 1 | ഷൗക്കത്തലി മച്ചിങ്ങൽ | 2,20,000<br>1,60,000 | 5944712/28.3.23<br>7449/9.6.22 |
| 2 | മറിയക്കുട്ടി കുണ്ടിൽതൊടിക | 1,00,000<br>1,60,000 | 5944712/28.3.23<br>7449/9.6.22 |
| 3 | സാജിദ് പാണനിലത്ത് | 1,60,000 | 5944712/28.3.23 |
| 4 | റഫീക്ക ആലുങ്ങൽ | 1,00,000<br>1,20,000 | 5944712/28.3.23<br>7727/25.6.22 |
| 5 | റഹ് മാബി | 2,00,000 | 303059/31.3.23 |

| | | | |
|---|---|---|---|
| | കിണറ്റിങ്ങൽ | | |
| 6 | ഫാത്തിമ കെ കാട്ടുപുരത്തി വീട് | 1,00,000 | 5944712/28.3.23 |
| 7 | ഫായിസ് സി ചോലയിൽ വീട് | 1,60,000 | 5944712/28.3.23 |
| 8 | മുഹമ്മദ് കാമ്പുറത്ത് | 1,60,000 | 5944712/28.3.23 |

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പ്രൊജക്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2ഗുണഭോക്താക്കളുടെ അപേക്ഷ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

3 സ്റ്റേജ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

4 ഗുണഭോക്താക്കൾ കരാർ ഫോറം പൂരിപ്പിച്ചിട്ടില്ല

5 ഗുണഭോക്താക്കളുടെ രജിസ്റ്ററിൽ ബിൽ മാറിയവിശദാംശങ്ങൾ രേഖപ്പെടുത്തുകയും നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

6 ഗുണഭോക്താക്കൾ വീടുപണിയുടെ പുരോഗതി വിവരം രജിസ്റ്റർ, ഫയൽ എന്നിവയിൽ നിന്നും വ്യക്തമല്ല.വീടു പണിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയതിന്റെ ഫോട്ടോ ഫയലിനോടൊപ്പം ചേർത്തുവച്ചിട്ടില്ല.

7 തനത് ഫണ്ടിൽ നിന്നും 1.7.22 ന് 5944437 നമ്പർ ചെക്ക് മുഖേന നൽകിയ തനത് ഫണ്ടിൽ നിന്നുള്ള 2,00,000 രൂപയുടെ ബില്ലും ചെലവ് വിവരവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബിൽ രജിസ്റ്ററിൽ ചെക്ക് ഇഷ്യൂ ചെയ്തത് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

8 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നമ്പർ 36/1.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമനമ്പർ 7 പ്രകാരമുള്ള 2 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.അപാകതകൾ പരിഹരിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-20 വീട് പുനരുദ്ധാരണം-പട്ടിക വർഗം-ഫയൽ ലഭ്യമാക്കിയില്ല

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 91/22-23 വീട് പുനരുദ്ധാരണം-പട്ടിക വർഗം (So) |
| അടങ്കൽ | 1.00.000രൂപ വികസന ഫണ്ട് ടി എസ് പി<br>7,00,000 രൂപ തനത് ഫണ്ട് |
| ചെലവ് | 1,00,000രൂപ വികസന ഫണ്ട് ടി എസ് പി<br>2,00,000 രൂപ തനത് ഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ |

മേൽ പ്രൊജെക്ടിന്റെ ഭാഗമായി ശ്രീമതി വിജയകുമാരി , പള്ളിയറ വീട്, ചാത്തല്ലൂർ എന്ന ഗുണഭോക്താവിന് 1,00,000 രൂപ വികസന ഫണ്ട് ടിഎസ് പിയിൽ നിന്നും (ബിആർഎൻ നമ്പർ 2215185203350105 8202/16.1.23) ധനസഹായമായി അനുവദിച്ചിട്ടുണ്ട്. മേൽ പ്രൊജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താവിന്റെ ഫയലും ചെലവ് വിവരങ്ങളും ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 35/1.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ രേഖകൾ ലഭ്യമാക്കുകയും ഓഡിറ്റ് െൻക്വയറിക്ക മറുപടി ലഭ്യമാക്കുകയും ചെയ്തില്ല, ആയതിനാൽ ചെലവ് തുക 1,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 ലൈഫ് ഭവന പദ്ധതി -അധികം നൽകിയ തുക തിരിച്ചീടാക്കേണ്ടതാണ്.

| | |
|---|---|
| വർഷം | 2022-23 |

| | |
|---|---|
| പ്രൊജെക്റ്റ് നമ്പർ/പേര് | 45/22-23 ലൈഫ് ഭവനപദ്ധതി എസ് സി ഘട്ടം 3 സ്പിൽ ഓവർ |
| അടങ്കൽ | 7,00,000രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട്<br>15,31,539 രൂപ ഹഡ്കോ ലോൺ |
| ചെലവ് | 9,90,000രൂപ ഹഡ്കോ ലോൺ |
| നിർവഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |

ലൈഫ് ഭവന പദ്ധതി ഭവനനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി റീജ W/o ബാബുരാജൻ മഞ്ചേരിക്കുന്ന് വീട് ,പാലപ്പെറ്റ,എടവണ്ണ (വാർഡ് 20) എന്ന ഗുണഭോക്താവിന് വിവിധ വർഷങ്ങളിൽ താഴെ പറയും പ്രകാരം തുക അനുവദിച്ചതായി കാണുന്നു. 2019-20 വർഷത്തിലാണ് ഗുണഭോക്താവ് കരാർ ചമച്ചത്.

| ക്രമനമ്പർ | ബിൽ നമ്പർ/ തിയതി | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 22/18.11.20 | 40000 | |
| 2 | 94/28.3.20 | 160000 | |
| 3 | 4/28.8.21 | 80000 | |
| 4 | 392/15.3.22 | 61 | |
| 5 | ഹഡ്കോ ലോൺ/15.3.22 | 30000 | |
| 6 | ഹഡ്കോ ലോൺ/26.5.22 | 100000 | 22-23 വർഷം അനുവദിച്ചത് |
| | ആകെ | 4,10,061 | |

1 മേൽ ഗുണഭോക്താവിന്റെ ഫയൽ,പ്രൊജെക്റ്റ്,ബില്ലുകൾ , ഗുണഭോക്താവിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2 ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പ്രകാരം ഗുണഭോക്താവ് 10,061 രൂപ അധികമായി കൈപ്പറ്റിയതായി കാണുന്നു.

3 ലൈഫ് ഭവന പദ്ധതി ജനറൽ പ്രകാരം ശ്രീമതി ഫരീദ W/oഉമ്മർ ,പാലക്കോടൻ, ഐഞ്ചൂർ , എടവണ്ണ എന്ന ഗുണഭോക്താവിന് ലൈഫ് ഗുണഭോക്താക്കളുടെ രജിസ്റ്റർ പ്രകാരം വിവിധ വർഷങ്ങളിൽ താഴെ പറയുന്ന വിധത്തിൽ തുക അനുവദിച്ചതായി കാണുന്നു.2019-20 വർഷം കരാർ വെച്ചത്

| ക്രമനമ്പർ | ബിൽ നമ്പർ/ തിയതി | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 18/18.11.20 | 40000 | |
| 2 | 41/11.1.21 | 100000 | |
| 3 | 63/12.2.21 | 100000 | |
| 4 | 68/24.2.21 | 100000 | |
| 5 | 93/28.3.21 | 50000 | |
| 6 | 79/15.3.21 | 100000 | |
| | ആകെ | 4,90,000 | |

1 മേൽ ഗുണഭോക്താവിന്റെ ഫയൽ,പ്രൊജെക്റ്റ്,ബില്ലുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2 90,000 രൂപ ഗുണഭോക്താവ് രജിസ്റ്റർ പ്രകാരം അധികമായി കൈപ്പറ്റിയതായി കാണുന്നു. ആയത് തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 21/24.8.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം അധിക തുക നൽകിയത് സംബന്ധിച്ച് ഗുണഭോക്താവിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവനപദ്ധതി-അപാകതകൾ

പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക,സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗവാക്കാകുന്നതിനും

സാമ്പത്തിക സേവനങ്ങൾ ഉൾപ്പടെ എല്ലാ സാമൂഹിക സേവന പദ്ധതികളുടെയും പ്രയോജനം ലഭിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ശാക്തീകരണ പ്രക്രിയകളിൽ പങ്കാളിയാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ലൈഫ് രണ്ടാം ഘട്ടത്തിൽ ഭൂരഹിതരുടെ ഭവനനിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭവനനിർമ്മാണവും പുനരധിവാസവും ഉൾപ്പെടുന്നു.ആകെ 2 ഗുണഭോക്താക്കളാണ് ലൈഫ് മിഷൻ പദ്ധതിയിൽ നിലവിലുള്ളത്.ഇതിൽ ജനറൽ,പട്ടികജാതി,പട്ടികവർഗ വിഭാഗങ്ങൾ ഉൾപ്പെടുന്നു.പട്ടികജാതി,പട്ടിക വർഗങ്ങളിൽ 325 പേരുടെ ഗുണഭോക്തൃ ലിസ്റ്റും ജനറൽ വിഭാഗത്തിൽ 305 പേരുടെ ലിസ്റ്റും പരിശോധനാ ഫയലിനോടൊപ്പം ഹാജരാക്കി.

ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് സ.ഉ(എംഎസ്) നം.151/2017/തസ്വഭവ തി.21.7.17പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എടവണ്ണ ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം ലൈഫ് ഭവന പദ്ധതിയിൽ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|---|
| 1 | 46/ലൈഫ് ഭവന പദ്ധതി ജനറൽ | 1460000 | 840000 |
| 2 | 301/ലൈഫ് ഭവന പദ്ധതി ടിഎസ് പി | 7800000 | 760000 |
| 3 | 47/ ലൈഫ് ഭവന പദ്ധതി എസ് സി SO | 2445000 | 2075000 |
| 4 | 49/ ലൈഫ് ഭവന പദ്ധതി എസ് സി SO | 57541600 | 37280000 |
| 5 | 164/ലൈഫ് ഭവനപദ്ധതി പൊതു വിഭാഗം | 20000000 | 12405062 |
| 6 | 45/ലൈഫ് ഭവന പദ്ധതി എസ് സി ഘട്ടം 3 | 2231539 | 990000 |

ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പ്രൊജെക്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2 മേൽ പറഞ്ഞ പ്രൊജെക്ടുകൾ പ്രകാരം കരാർ വെച്ച് ഭവനനിർമ്മാണം തുടങ്ങിയതും ഭവനനിർമ്മാണം പൂർത്തിയാക്കിയതും പൂർത്തിയാക്കാൻ അവശേഷിക്കുന്നതുമായ ഗുണഭോക്താക്കളുടെ എണ്ണം മുൻ വർഷങ്ങളിലെ പ്രൊജെക്ടുകൾ പ്രകാരം നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്ക് ഗ്രാമ പഞ്ചായത്തിന്റെ പക്കൽ ഇല്ല.

3 സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല ധനസഹായം ലഭ്യമാക്കിയത്.വി.ഇ.ഒ സൈറ്റ് പരിശോധന നടത്തിയതിന്റെ രേഖകളും വാല്യേഷൻ സംബന്ധിച്ച വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.

3 ഗുണഭോക്താക്കൾ കരാർ ഫോറം പൂരിപ്പിച്ചിട്ടില്ല

4 ഗുണഭോക്താക്കൾ ഭവനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയതിന്റെ ഫോട്ടോകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

5 കാഷ്ബുക്കിൽ ചെലവുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി നിർവഹണ ഉദ്യാഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6 ലൈഫ് ഭവനപദ്ധതി ഭവനനിർമ്മാണ രജിസ്റ്റർ നിർഹണ ഉദ്യാഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ച് ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ മുൻ വർഷങ്ങൾഉൾപ്പടെ ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.കടലാസു പെൻസിൽ ഉപയോഗിച്ചാണ് രജിസ്റ്ററിൽ പല ഭാഗത്തും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്.ലോൺ രജിസ്റ്ററിൽ ഹഡ്കോ ലോൺ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

7 പല ഗുണഭോക്താക്കളും വളരെ മന്ദഗതിയിലാണ് ഭവനനിർമ്മാണം നിർവഹിക്കുന്നത്.ഒന്ന് , രണ്ട് ഗഡുക്കൾ വാങ്ങിയ ശേഷം പല ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

8 ലൈഫ് ഭവനപദ്ധതി രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ പ്രൊജെക്ടുകളിലായി ധനസഹായം അധികം നൽകിയതായി കാണുന്നു.ഖണ്ഡിക 1-22 കാണുക.

9 ലൈഫ് ഭവനപദ്ധതി സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ഉതകാത്ത വിധം ക്രമരഹിതമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്.ട്രാൻസ്ഫർ വേളകളിൽ നിർവഹണ ഉദ്യോഗസ്ഥൻ രേഖാമൂലം ചാർജ് കൈമാറിയതായി കാണുന്നില്ല

10 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 37/1.9.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

ലൈഫ് ഭവനപദ്ധതി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് അന്വേഷണം നടത്തേണ്ടതും കൃത്യമായ മോണിറ്ററിംഗിന്

വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

## 1-23 പ്രൊജെക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ,2022-23 സാമ്പത്തിക വർഷത്തിൽ 23 പ്രൊജെക്ടുകൾ തയ്യാറാക്കിയതിൽ 15 പ്രൊജെക്ടുകളാണ് നിർവഹണം നടത്തിയിട്ടുള്ളത്.ആയതിൽ 12 പ്രൊജെക്ടുകൾ സ്പിൽ ഓവർ പ്രൊജെക്ടുകളാണ്.ആകെ അടങ്കൽ തുക 121441139 രൂപയിൽ 66919750 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.(55%).ശുചിത്വവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജെക്ടുകളൊന്നും വി ഇ ഒ നിർവഹണം നടത്താതെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ് നിർവഹണം നടത്തിയിട്ടുള്ളത്. രണ്ട് വി ഇ ഒ മാരാണ് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നത്. പ്രൊജെക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പദ്ധതി തുക നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ടോയ് ലറ്റ് നിർമ്മാണം-രേഖകൾ ഹാജരാക്കിയില്ല

ടോയ് ലറ്റ് നിർമ്മാണം എന്ന പ്രൊജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 48/22-23 ടോയ് ലറ്റ് നിർമ്മാണം സ്പിൽ ഓവർ |
| അടങ്കൽ | 36,000രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1056000 രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് | 36000രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>ബി ആർ എൻ നമ്പർ 22151852033500318772/1.7.22<br>24000 രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട്<br>വൗച്ചർ നമ്പർ/ തിയതി 2200122/25.5.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |

മേൽ പ്രൊജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

1പ്രൊജെക്ട്

2 ഗുണഭോക്താക്കളുടെ ഫയൽ , അനുബന്ധ രേഖകൾ,ചെലവ് വിവരങ്ങൾ

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്

ഇതു സംബന്ധിച്ച് നമ്പർ 19/24.8.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ചെലവ് തുക 60,000 രൂപ(36,000+24,000) J രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 മെറിറ്റോറിയസ് സ്കോളർഷിപ്പ്-അധിക തുക (10000 രൂപ)തിരിച്ചടവാക്കി

പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 337/22-23 മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | 997338രൂപ വികസന ഫണ്ട്<br>5,02,662രൂപ വികസന ഫണ്ട് എസ് സി പി<br>5,00,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 997338രൂപ വികസന ഫണ്ട്<br>5,02,662രൂപ വികസന ഫണ്ട് എസ് സി പി<br>5,00,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം<br>ബി ആർ എൻ നമ്പർ 22151852026401367450/16.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

1 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി താഴെ പറയുന്ന ഗുണഭോക്താവിന് ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 30,000 രൂപ നല്കിയിട്ടുണ്ട്.

(1)തേജ ബിആർ ,മോഴിക്കൽ വീട് ,എടവണ്ണ

മേൽ ഗുണഭോക്താവ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യൂക്കേഷൻ ആന്റ് റിസർച്ച് തിരുപ്പതിയിൽ ബിഎസ് -എം എസ് ഡ്യവൽ ഡിഗ്രി പ്രോഗ്രാം ചെയ്യുകയാണ്.പ്രസ്തുത വിദ്യാർത്ഥി ഏതു വർഷത്തെ കോഴ്സാണ് ചെയ്യുന്നതെന്ന് കോഴ്സ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ടിയാൾ ഡിഗ്രി കോഴ്സാണ് ചെയ്യുന്നതെങ്കിൽ സ.ഉ (കൈ) 115/2022/തസ്വഭവ തി. 28.5.22 പ്രകാരം 20,000 രൂപയ്ക്കാണ് അർഹതയുള്ളത്.ആയത് ഉറപ്പുവരുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 17/22-23/24.8.23 പ്രകാരമുള്ള ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ ടിയാൾ എം എസ് സി എന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയതുകൊണ്ടാണ് 30,000 രൂപ നൽകിയതെന്നും അന്വേഷണത്തിൽ 2022-23 വർഷത്തിലാണ് ഡിഗ്രി കോഴ്സിന് ചേർന്നതെന്ന് അറിയിക്കുകയും അധികം നൽകിയ 10,000 രൂപ 1230103552 /2.9.23 നമ്പർ രശീതി പ്രകാരം തിരിച്ചടവാക്കുകയും ആയതിന്റെ രശീതി പകർപ്പ് ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുകയും ചെയ്തു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 എസ് സി വയോജനങ്ങൾക്ക കട്ടിൽ-രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 204/22-23 എസ് സി വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 3,339,378രൂപ വികസന ഫണ്ട് എസ് സി പി<br>4272 രൂപ തനത് ഫണ്ട് |
| ചെലവ് | 3,39,378രൂപ-വികസന ഫണ്ട് എസ് സി പി<br>ബിൽ നമ്പർ 28 /22-23 തി.29.3.23<br>602 രൂപ-തനത് ഫണ്ട്-<br>ചെക്ക് നം.5944714/25-05-2022<br>ചെക്ക് നമ്പർ 5944714/25.5.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി ആർട്ട്കോ ലിമിറ്റഡ് മലപ്പുറത്ത് നിന്നും താഴെ പറയും പ്രകാരം കട്ടിലുകൾ വാങ്ങിയിട്ടുണ്ട്

| ഇൻവോയ്സ് നമ്പർ/ തിയതി | കട്ടിലുകളുടെ എണ്ണം | വില | ആകെ വില |
|---|---|---|---|
| എംപിഎം 310 /15.3.23 | 80 | 3601.50 | 2,88,120 |
| | | SGST | 25,930 |
| | | CGST | 25,930 |
| | | | 3,39,980 |

മേൽ പ്രൊജെക്റ്റിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2 ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | അപേക്ഷയോടൊപ്പം സൂക്ഷിക്കാത്ത രേഖകൾ |
|---|---|---|
| 1 | മാത<br>ചെങ്ങനശ്ശേരി വീട്<br>പന്നിപ്പാറ<br>എടവണ്ണ<br>വാർഡ് 18 | പട്ടികജാതി സർട്ടിഫിക്കറ്റ് |
| 2 | ശ്രീധരൻ എം കെ | പട്ടികജാതി സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| | മഞ്ചേരിക്കുന്നത്ത് വീട്<br>പന്നിപ്പാറ,എടവണ്ണ<br>വാർഡ് 20 | |
| 3 | പാർവതിടഎടപ്പുരത്തി<br>എടവണ്ണ, വാർഡ് 1 | പട്ടികജാതി സർട്ടിഫിക്കറ്റ് |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 18/24.8.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം ചേർത്തു വയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഖണ്ഡികയിൽ പരാമർശിച്ചവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുവരെ 3 കട്ടിലുകളുടെ ചെലവ് തുക 10,804 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 ഗോത്ര സാരഥി (എസ്.റ്റി വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം) പദ്ധതി - അപാകതകൾ

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 215/22-23 ഗോത്ര സാരഥി |
| അടങ്കൽ | 301000രൂപ വികസന ഫണ്ട് ടി എസ് പി<br>574000രൂപ തനത് ഫണ്ട് |
| ചെലവ് | 216836/-രൂപ വികസന ഫണ്ട് ടി എസ് പി<br>562009/-രൂപ തനത് ഫണ്ട് |
| ചെക്ക് നം/ബിൽ നം | 216836/-<br>562009/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

പട്ടിക വർഗ സങ്കേതങ്ങളിൽ നിന്നും കുട്ടികളെ വിദ്യാലയത്തിലേക്ക് കൊണ്ടുവരുന്ന പദ്ധതിയാണിത്.എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ 11.1.22 ലെ 1/13 നമ്പർ തീരുമാനപ്രകാരം ശ്രീ റിയാസ് സി പി ചിനിയംപുറത്ത് വീട് ,എടവണ്ണ എന്നയാളെ ക്വട്ടേഷൻ നടപടിയിലൂടെ (ഒരു ട്രിപ്പിന് 2300 രൂപ) തെരഞ്ഞെടുത്തിട്ടുണ്ട്.ടിയാന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്

വണ്ടി നമ്പർ KL06 8096
കരാർ തിയതി 20.2.22

| ബിൽ/ചെക്ക് നമ്പർ/ തിയതി | നൽകിയ തുക | ആദായനികുതി നിയമം സെക്ഷൻ 194 C പ്രകാരം ഐടി പിടിച്ചത് | ട്രിപ്പിന്റെഎണ്ണം |
|---|---|---|---|
| LGTSB/5944708/18.3.23 | 88,309 | | 74 |
| 24/18.3.23 | 81,891 | 7199 | --- |
| 7/16.12.22 | 16,000 | | 194 |
| LGTSB5944491/16.12.22 | 4,25,600 | | ---- |
| 1/13.9.22 | 60,000 | | 47 |
| SBI055727/14.9.22 | 48,100 | | ---- |
| 30 /31.3.23 | 58,945 | | 88 |
| | 7,78,845 | | |

മേൽ പ്രൊജെക്റ്റിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ട്രിപ്പ് ഷീറ്റ് ഡ്രൈവർ ഒപ്പുവയ്ക്കുകയും നിർവഹണ ഉദ്യോഗസ്ഥൻ കാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

2 ഏതെല്ലാം പട്ടിക വർഗ സങ്കേതങ്ങളിൽ നിന്ന് ഏതു വിദ്യാലയത്തിലേക്കാണ് കുട്ടികളെ കൊണ്ടുപോയത് എന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമായിട്ടില്ല.(ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം )

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് 27/22-23/24.8.23 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ .ചെലവ് തുക 7,78,845 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് - 163/23 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ഹോമിയോ

അടങ്കൽ- 4,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നമ്പർ 22151852033600893746/04.12.2022- ₹4,00,000/-

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് ഹോമിയോപതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി (Ltd) ക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്. നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുൻകൂർ നൽകിയ തുക | പ്രഫോമ ഇൻവോയ്സ് നമ്പർ/ തിയതി | ലഭ്യമായ മരുന്ന്/ ഇൻവോയ്സ് നമ്പർ | മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 4,00,000/- | PF 915/30.11.22 | 152543<br>Inv No. LF-781/31.07.2023 | 247457 |

അവശേഷിക്കുന്ന തുകയുടെ മരുന്ന് ലഭ്യമാക്കി ആയതിന്റെ വിശദാംശങ്ങൾ (സ്റ്റോക്ക് വിവരം ഉൾപ്പെടെ) ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 5/22.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-29 മരുന്ന് വാങ്ങൽ പദ്ധതികൾ- മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (പി എച് സി) നിർവഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്റ്റുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് | പി എച് സി യിലേക്ക് മരുന്ന് വാങ്ങൽ (36/23) |
| അടങ്കൽ | 400000/- (നോൺറോഡ്) |
| ചെലവ് | 400000/- |
| മരുന്നിന് KMSCL ന് നൽകിയ തുക | 21622/-<br>(BRN-22151852034101456574/24.03.2023) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | PRF5631 /23.03.2023 |

മരുന്ന് ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ /തിയതി | തുക |
|---|---|
| Inv No 733/11.04.23 | 3080 |
| Inv No 2760/09.05.23 | 3472 |
| Inv No 4145/18.05.23 | 3291 |
| Inv No 10921/29.06.23 | 9160 |
| Inv No 12916/15.07.23 | 417 |
| ആകെ | 19420 |

അവശേഷിക്കുന്ന 2202/-( 21622 - 19420) രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

2.

| | |
|---|---|
| പ്രൊജക്റ്റ് | പാലിയേറ്റീവ് കെയർ (31/23) |
| അടങ്കൽ | 850000/- (വികസന ഫണ്ട്- 700000,തനത് ഫണ്ട് 150000) |
| ചെലവ് | 770181/- |
| മരുന്നിന് KMSCL ന് നൽകിയ തുക | 200000/- (BRN-22151852034101183321/14.02.2023) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | PRF4237 /06.02.2023 |

മരുന്ന് ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ /തിയതി | തുക |
|---|---|
| Inv No 6276/26.05.23 | 6582 |
| Inv No 7125/01.06.23 | 7131 |
| Inv No 7872/06.06.23 | 16209 |
| Inv No 10977/29.06.23 | 22343 |
| Inv No 15646/10.08.23 | 2299 |
| ആകെ | 54564 |

അവശേഷിക്കുന്ന 145436/- ( 200000-54564) രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/24.08.23) മരുന്ന് ലഭ്യമാകുന്ന മുറക്ക് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-30 Precast Concrete Paver Block-കൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സർക്കുലർ നമ്പർ 31/2021 Fin തിയ്യതി 06.04.2022 പ്രകാരം റോഡ്, നടപ്പാത, യാർഡുകൾ എന്നിവിടങ്ങളിൽ Paver Block ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം പ്രവൃത്തികളുടെ Defect Lability Period അഞ്ച് വർഷമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതും, കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് Defect Lability Period കഴിഞ്ഞ ശേഷം മാത്രം തിരികെ നൽകേണ്ടതുമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിർവ്വഹണം നടത്തിയ Precast Concrete Paver Block-കൾ ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ കരാർ ചമച്ചപ്പോൾ മേൽ നിബന്ധകൾ ഉൾപ്പെടുത്തിയിട്ടില്ല. ഏതാനം ചില പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്റ്റ് | Precast Concrete Paver Block -കൾ ഉപയോഗിച്ച് ചെയ്ത പ്രവൃത്തിയുടെ അളവ് |
|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം (65/23) | 269 $M^2$ |
| 2 | ചെമ്പൻകുത്ത് ജി എൽ പി എസ് പുനരുദ്ധാരണം (02/23) | 389 $M^2$ |
| 3 | EMC റോഡ് പുനരുദ്ധാരണം (265/23) | 100 $M^2$ |
| 4 | കല്ലേംമൂച്ചി പീച്ചിപള്ളിയാളി റോഡ് പുനരുദ്ധാരണം (151/23) | 300 $M^2$ |
| 5 | കൊളപ്പോട് തെക്കൻമല റോഡ് പുനരുദ്ധാരണം (131/23) | 350 |

ഓഡിറ്റ് പരാമർശത്തിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ (30/25.08.2023) ഭാവിയിൽ തയ്യാറാക്കുന്ന പ്രൊജക്റ്റുകളിൽ നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സെർക്കുലർ പ്രകാരമുള്ള Defect Lability Period കഴിഞ്ഞ ശേഷം മാത്രം തിരികെ നൽകേണ്ടതാണ്.

## 1-31 പത്തപ്പിരിയം- പൂവ്വക്കാട് റോഡിൽ ഡ്രൈനേജ് നിർമ്മാണം-മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പത്തപ്പിരിയം- പൂവ്വക്കാട് റോഡിൽ ഡ്രൈനേജ് (79/23) എന്ന പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് ശരാശരി 1 മീറ്റർ വീതിയിലും, 120 മീറ്റർ നീളത്തിലും ശരാശരി 0.5 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer/ Hydraulic Excavator ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| അടങ്കൽ/ ചെലവ് | 600000/444051 (എം.ജി-റോഡ് ) |
| കരാർ | 03/AE/LSGD/EDV/2022-23 /16.05.2022 (Tender Variation ) |
| ടി എസ് | 96221/2022-23/10.02.2022 (CI 36.44%) |
| വൗച്ചർ | 1398699/18.03.23 |
| M Book | 884/21-22 |
| കരാറുകാരൻ | JAFAR K |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% & Tender Variation -25.95% Ie, 267.12/$m^3$) | 23167/- (86.73 $M^3$ * 267.12/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 84.05/$m^3$- Cost Index 36.44% & Tender Variation -25.95% Ie, 62.23/$m^3$) | 5397/- (86.73 $M^3$ * 62.23/$m^3$) |
| അധികം നൽകിയ തുക | 19902.4/- (Ie,17770+12% GST) |

അധികം നൽകിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ (Audit Enquiry 29/25.08.2023) സൈറ്റിന്റെ പ്രത്യേക സാഹചര്യം മൂലം ഡ്രൈനേജ് നിർമ്മിക്കുന്നതിന് Dozer, Hydraulic Excavator എന്നിവ ഉപയോഗപ്പെടുത്തി മണ്ണ് കട്ട് ചെയ്യുന്നത് പ്രയാസകരമാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ഡ്രൈനേജ് നിർമ്മിക്കുന്ന മുഴവൻ പ്രവൃത്തികളിലും, മാനുവൽ ആയി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനമാണ് (3.5.1) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നത്. ആയതിനാൽ മേൽ പ്രവൃത്തിയുടെ സൈറ്റിന്റെ പ്രത്യേക സാഹചര്യം മൂലമാണ് Dozer, Hydraulic Excavator എന്നിവ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യാൻ കഴിയാത്തത് എന്ന മറുപടി വസ്തുതാപരമല്ലെന്ന് കാണുന്നു. പഞ്ചയാത്ത് പരിധിയിൽ നിർമ്മാണം നടത്തുന്ന ഡ്രൈനേജ് പ്രവർത്തികളിൽ യന്ത്രങ്ങൾ ഉപയോഗിക്കാതെ മനുഷ വിഭവശേഷി ഉപയോഗപ്പെടുത്തി മാത്രമാണ് മണ്ണ് നീക്കം ചെയ്യുന്നത് എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയുടെ വസ്തുത വർക്കിംഗ് ഗ്രൂപ്പുകൾ, ചെക്ക് മെഷർ ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നവർ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

യന്ത്രങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിലൂടെ ചെലവ് കുറക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിരിക്കേ മനുഷ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിലൂടെ അധിക ചെലവ് ഉണ്ടാവുന്നു. ആയത് ക്രമ പ്രകാരമല്ല. മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം- ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം (65/23) എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു

| | |
|---|---|
| അടങ്കൽ/ ചെലവ് | 1300000/1198518 |
| കരാർ | 88/AE/LSGD/EDV/2021-22/16.02.2022 (Tender Variation -7.79%) |
| ടി എസ് | TS No.61452/2021-22/29.11.2021 (CI 36.44%) |
| വൗച്ചർ | 01-08/2022-23/10.08.2022 |
| M Book | 676/20-21 |
| കരാറുകാരൻ | Rashid K |

അപാകതകൾ.

1. മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി.

പ്രവൃത്തിയുടെ ഇനം 27 ആയി പഞ്ചായത്ത് ഓഫീസിന്റെ മുൻവശത്ത് (Yard) Interlocking Paver Block പതിക്കുന്നതിന് വേണ്ടി 71.51 $M^3$ വ്യാപ്തത്തിൽ (ശരാശരി 0.25 ആഴത്തിൽ) മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ആയതിന് DSoR 2018 -ലെ Spec Code 2.2.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രവൃത്തിക്ക് ബാധകമായ നിരക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത നിരക്ക് പവർ റോളർ ഉൾപ്പടെയുള്ളവ ഉപയോഗപ്പെടുത്തി റോഡുകൾ ഉൾപ്പടെയുള്ള പ്രവൃത്തികളിൽ Embankments നിർമ്മിക്കുന്നതിനുള്ളതാണ്. വർഷങ്ങളായി പഞ്ചായത്ത് ഓഫീസിന്റെ മുറ്റമായി ഉപയോഗിക്കുന്ന സ്ഥലത്ത് Interlocking Paver Block പതിക്കുന്നതിന് വേണ്ടി മണ്ണ് നീക്കം ചെയ്യുന്നതിന് മേൽ ഇനം പ്രകാരമുള്ള നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. Spec Code 2.6.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രവൃത്തിക്ക് ബാധകമായ നിരക്കാണ് നൽകാവുന്നത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക (Code 2.2.1 @ 884.54/ $M^3$ _Cost Index 36.44% & Tender Below 7.79% Ie, 815.63/$m^3$) | നൽകാവുന്ന തുക (Code 2.6.1 @ 215.37/ $M^3$ _Cost Index 36.44% & Tender Below 7.79% Ie, 198.59/$m^3$) | അധികം |
|---|---|---|
| 58326/- [Ie, 71.51 $M^3$ * 815.63/$m^3$] | 14201/- [Ie, 71.51 $M^3$ * 198.59/$m^3$] | 49420/- [Ie, (58326 – 14201)+ 12% GST] |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2. ചെയ്യാത്ത പ്രവൃത്തിക്ക് പണം അനുവദിച്ചു.

മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസിന്റെ ഒന്നാം നിലയിലെ ഗ്രില്ലുകൾ പെയിന്റ് ചെയ്തതായി M Book -ൽ രേഖപ്പെടുത്തി (ഇനം22) തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രില്ലുകളുടെ പിൻവശം പൂർണ്ണമായും പെയിന്റ് ചെയ്തിട്ടില്ലെന്നു കാണുന്നു. ആയതിന് തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. പ്രവൃത്തി 01.09.2023-ന് മുമ്പായി കരാറുകാരന്റെ ചെലവിൽ പൂർണ്ണമായും പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതും മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 40020/- രൂപ 1230103549/02.09.23 നമ്പർ രസീതി പ്രകാരം അടവാക്കി (ക്രമ നമ്പർ 1 പ്രകാരമുള്ള തുകയിൽ നിന്നും നിലവിലുണ്ടായിരുന്ന Interlocking Paver Block -ക്കുകൾ പൊളിച്ച് മാറ്റുന്നതിനുള്ള 9400/- കുറവ് വരുത്തിയാണ് അടവാക്കിയിട്ടുള്ളത്). കൂടാതെ ക്രമ നമ്പർ 2 പ്രകാരമുള്ള അപാകത കരാറുകാരന്റെ ചെലവിൽ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, മൂല്യ നിർണ്ണയത്തിലും കൃത്യത വരുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-33 വേരുപാലം കുറിത്ത് റോഡ് മെയിന്റനൻസ് - 34135/- രൂപയുടെ അധികം -തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വേരുപാലം കുറിത്ത് റോഡ് മെയിന്റനൻസ് (72/23) എന്ന പ്രൊജക്ടിൽ കരിങ്കൽ പടവ് പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലം 34135/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

പ്രൊജക്ടിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഡ്രൈനേജ് പ്രവൃത്തി ചെയ്യുന്നതിന് മുൻ കാലത്ത് ചെയ്ത DR Wall (കരിങ്കൽ പടവ്) പൊളിച്ച് മാറ്റണമെന്നും, ആയതിന് എക്സ്ട്ര ഇനം (E1 – Od1476527/2021-2022) ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും, ആയതിൻ പ്രകാരം മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. കരിങ്കൽ പടവ് പൊളിച്ച് മാറ്റുന്നതിന് Mord 2018-ലെ Spec Code 2.7.D സ്പെസിഫിക്കേഷൻ പ്രാകരമുള്ള നിരക്ക് [@ 390.46/ $M^3$ _Cost Index 31.06%] ആണ് നൽകേണ്ടത്. എന്നാൽ ആയതിന് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി ഉയർന്ന നിരക്ക് [@ 1373.07/ $M^3$ _Cost Index 31.06%] ആണ് നൽകിയിട്ടുള്ളത്. കരിങ്കൽ പടവ് പൊളിച്ച് മാറ്റുന്നതിന് Mord 2018-ൽ നിരക്ക് ഉണ്ടായിരിക്കേ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി ഉയർന്ന നിരക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 640000/486669 |
| കരാർ | 73/AE/LSGD/EDV/2021-22/29.12.2021 (Tender Variation -23.79%) |
| ടി എസ് | TS No.44172/2021-22/13.10.2021 (CI 31.06%) |
| വൗച്ചർ | 02-02/2022-23/03.06.2022 |
| M Book | 555/21-22 |
| കരാറുകാരൻ | Noufal P T |

തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക ((E1 – Od1476527/2021-2022 @ 1373.07/ $M^3$ _Cost Index 31.06% & Tender Variation -23.79% Ie, 1046.41/$m^3$) | നൽകാവുന്ന തുക (Code 2.7.D @ 390.46/ $M^3$ _Cost Index 31.06% & Tender Variation -23.79% Ie, 297.57/$m^3$) | അധികം |
|---|---|---|
| 42589/- [Ie, 40.7 $M^3$ * 1046.41/$m^3$] | 12111/- [Ie, 40.7 $M^3$ * 297.57/$m^3$] | 34135/- [Ie, (42589 – 12111)+ 12% GST] |

അധിക നിരക്ക് നൽകിയതിന് വിശദീകരണം നൽകുകയോ, തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.
എന്ന പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 34135/- രൂപ 1230103538/02.09.23 നമ്പർ രസീതി പ്രകാരം അടവാക്കി. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും, മൂല്യ നിർണ്ണയ നടപടികളും കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 സ്കൂളുകൾ ,അംഗനവാടികളിൽ വാട്ടർ ബൂത്ത് സ്ഥാപിക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 44/23- അംഗനവാടികളിൽ വാട്ടർ ബൂത്ത് (പ്യൂരിഫയർ) ഇൻസ്റ്റലേഷൻ | അടങ്കൽ/ഫണ്ടിനം | 1244000(സി.എഫ്.സി) |
| ചെലവ് | 1205600 | ബിൽ നം: /തീ: | 543400/-364/21.2.23<br>662200/-606/31.3.23 |
| കോൺട്രാക്ട് | AXIOM AQUA SOLUTIONS (@47300 Each) | കോൺട്രാക്ട് നം | GEM -511687749426508/15.12.22 |

പഞ്ചായത്തിലെ അംഗനവാടികൾ,സ്കൂളുകൾ ,പഞ്ചായത്ത് എന്നിവിടങ്ങളിൽ കുടിവെള്ളം സ്ഥാപിക്കുന്നതിനായി വാട്ടർ പ്യൂരിഫയർ ഇൻസ്റ്റാൾ ചെയ്യുന്നതിന്ന് തയ്യാറാക്കിയ പ്രൊജക്ടിൽ GEM മുഖേന പർച്ചേസ് നടത്തിയതിൽ “ആക്സിയം അക്വാ സോല്യൂഷൻസ് ,കോഴിക്കോട് “എന്ന സ്ഥാനത്തിൽ നിന്നും പർച്ചേസ് ചെയ്ത് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. (വില

@47300 GST ഉൾപ്പടെ )

സ്ഥാപ നം സമർപ്പിച്ച ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു

(1)ഇൻവോയ്സ് നം 98/30.3.23 14 എണ്ണം -@47300 662200 18% Gst ഉൾപ്പടെ (561186 +101014)

(2)ഇൻവോയ്സ് നം 48/30.1.23 11 എണ്ണം -@49300 542300 18%gst ഉൾപ്പടെ(460508+82892

1.സ്ഥാപനം സമർപ്പിച്ച ക്രമനം (1) പ്രകാരമുള്ള ഇൻവോയ്സ് വിലയേക്കാൾ( 2000/each രൂപ )കൂടുതലാണ് ക്രമനം (2) ൽ ഉൾപ്പെട്ടിട്ടുള്ളത് (വ്യത്യാസം 28000 രൂപ)

2.എഗ്രിമെന്റ് പ്രകാരം 20 എണ്ണം ബൂത്തുകളാണ് സ്ഥാപിക്കാൻ കരാർ വെച്ചിട്ടുള്ളത് (4 എണ്ണം കൂടുതൽ സ്ഥാപിച്ചു)

3.ഇൻസ്റ്റലേഷൻ ഉൾപ്പെട്ടിട്ടുള്ളതിനാൽ 2% IT (20434 രൂപ-കമ്പനി ) ഈടാക്കി അടവാക്കിയിട്ടില്ല

4.മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല.

5.TA യുടെ സാക്ഷ്യപത്രം ഫയലിൽ ഇല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:8/22-23/21.8.23)സമർപ്പിച്ച മറുപടി താഴെപ്പറയും പ്രകാരമാണ്

1.കോൺട്രാക്ടർ ആദ്യ പർച്ചേസിൽ രേഖപ്പെടുത്തിയ തുക (11 എണ്ണം )49400/-രൂപ നിരക്കിലും

2.പ്രൊജക്ട് റിവൈസ് ചെയ്ത് രണ്ടാം പർച്ചേസിൽ രേഖപ്പെടുത്തിയത് (14 എണ്ണം )47300/- രൂപ നിരക്കിലും ആണ് .ആയതിനാലാണ് ബില്ലിൽ വില വ്യത്യാസം വന്നതെന്ന് അറിയിച്ചു.ആയത് അംഗീകരിക്കുന്നു

3.ആദായ നികുതി 2% ഈടാക്കി അടവാക്കാമെന്ന് അറിയിച്ചിട്ടുണ്ട്

4.T.A യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

5.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 ഗ്രാമവണ്ടി (ബസ്സ് സർവ്വീസ് ) -അപാകതകൾ

നിർവ്വഹണോദ്ധ്യോഗസ്ഥൻ :സെക്രട്ടറി

| പ്രൊജക്ട്നം:പേര് | 257/23-ഗ്രാമ വണ്ടി | അടങ്കൽ/ഫണ്ടിനം | 600000(തനത്ഫണ്ട് ) |
|---|---|---|---|
| ചെലവ് | 495514/- | ബിൽ നം: /തീ: | 155/9.11.22-4850<br>156/9.11.22-46000<br>190/6.12.22-33330<br>236/24.12.22-101896<br>264/13.1.23-104562<br>351/15.2.23-111108<br>376/23.2.23-5750<br>420/10.3.23-88018 |
| കോൺട്രാക്ട് | കെ.എസ്.ആർ.ടിസി | എഗ്രിമെന്റ് | 7.7.2022 |

പൊതു ഗാതാഗത സംവിധാനം ഇല്ലാത്ത പഞ്ചായത്തിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിലേക്ക് കെ.എസ്.ആർ.ടി.സിസർവ്വീസ് നടത്തുന്നതിന്ന് കെ.എസ്.ആർ.ടി.സി ക്ക് തുക അനുവദിക്കുന്നതിനു തയ്യാറാക്കിയിട്ടുള്ള പ്രൊജക്ട് ആണിത്.

അപാകതകൾ

1. ചെലവ് തുകയ്ക്ക് അനുസൃതമായ ബില്ലുകൾ ഹാജരാക്കിയിട്ടില്ല (കെ.എസ്.ആർ.ടി.സിയുടെ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ )

2.ചെലവ് തുകയ്ക്ക് കൈപ്പറ്റ് രശിതി ഹാജരാക്കിയിട്ടില്ല

3.മോണിട്ടിറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 6/22-23/21.8.23) സമർപ്പിച്ച മറുപടിയിൽ ചെലവ് തുകയുടെ കൈപ്പറ്റ് രശീതിലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.തുക തടസ്സപ്പെടുത്തുന്നു. ഭാവിയിൽ സുതാര്യത ഉറപ്പാക്കി ഇത്തരം പദ്ധതികൾ നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവ് തുക നൽകൽ അപാകതകൾ

നിർവ്വഹണോദ്ധ്യോഗസ്ഥൻ :സെക്രട്ടറി

| പ്രൊജക്ട് നം:<br>പേര് | 211/23-കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവ് | അടങ്കൽ/ഫണ്ടിനം | 628000 (MG-NR) |
|---|---|---|---|
| ചെലവ് | 628000 | ബിൽ നം: /തീ: | 20/21.10.22-361508<br>98/04.1.23-198492<br>107/18.3.23-28000 |

മേൽ ചെലവുകളിൽ തുക അനുവദിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

| സ്ഥാപനം | ബിൽ വിവരം | | | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| | 20/21.10.22 | 98/04.1.23 | 107/5.3.23 | | | |
| 1.പി.എച്ച്.സി | 100000 | | | 10000 | 41051 | 58949 |
| 2.അസി.എഞ്ചിനിയർ | 35000 | | | 35000 | 35000 | 00 |

| | | | | | | |
